# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.***303** 12/12/2018-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.സജി ചെറിയാൻ**<br>**ശ്രീ.പി.ടി.എ. റഹീം** | **കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യത്തിന്റെ അപര്യാപ്തത മൂലം വ്യാപകമായിക്കൊണ്ടിരിക്കുന്ന സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം ക്രമീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ; | എ) സർക്കാർ, സ്വകാര്യ ആശുപത്രികൾ ലാബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആശുപത്രികളെയും ലാബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് കേരള നിയമസഭ അംഗീകാരം നൽകുകയുണ്ടായി.ആക്ട് പ്രാബല്യത്തിൽ വരുന്നതോടെ സ്വകാര്യ മെഡിക്കൽ ലാബോറട്ടറികൾ ഉൾപ്പെടുന്ന ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി. ആക്ടിന്റെ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) സർക്കാർ ആശുപത്രി-കളിൽ ലബോറട്ടറി സ്ഥാപിക്കുന്നതിനും ആവശ്യത്തിന് സാങ്കേതിക ജീവനക്കാരെ നിയമിക്കുന്നതിനും സ്വീകരിച്ച നടപടികൾ | ബി) 2017-18 ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താനായി തെരഞ്ഞെടുത്ത 170 കേന്ദ്രങ്ങളിലും ഓരോ ലാബ് ടെക്നീഷ്യന്റെ തസ്തിക വീതം സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ഈ സ്ഥാപനങ്ങളിൽ ലാബ് സൗകര്യം ഒരുക്കുന്നതിനായി 5 കോടി രൂപ അനുവദിക്കുകയും അതിന്മേലുള്ള നടപടികൾ കെ.എം.എസ്.സി.എൽ വഴി നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടം കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ലാബ് സൗകര്യത്തിനായി ലാബ് |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | ഉപകരണങ്ങൾ വാങ്ങി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ വഴി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 473 ലാബ് ടെക്നീഷ്യൻമാരുടെയും 5 ജൂനിയർ ലാബ് അസിസ്റ്റന്റുമാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ആർദ്രത്തിന്റെ രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ലാബ് ടെക്നീഷ്യൻ ഉൾപ്പെടെയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. എൻ.എച്ച്.എം വഴി കേരളത്തിലെ ലാബുകളിൽ 327 ലാബ് ടെക്നീഷ്യൻമാരെ നിയമിച്ചിട്ടുണ്ട്. |
| സി) | പബ്ലിക്ക് ഹെൽത്ത് ലബോറട്ടറികൾ ശാക്തീകരിക്കുന്നതിനും ന്യൂ ബോൺ സ്ക്രീനിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിനും ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | സി) | സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബും അടക്കം സംസ്ഥാനത്ത് നിലവിലുള്ള 6 പബ്ലിക് ഹെൽത്ത് ലബോറട്ടറികളും ശക്തിപ്പെടുത്തുന്നതിനും പുതിയ ഹെൽത്ത് ലാബുകൾ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ആരോഗ്യ വകുപ്പിലെ ആദ്യത്തെ ഹിസ്റ്റോപത്തോളജി ലബോറട്ടറി സംവിധാനം തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. എച്ച്1.എൻ1 ടെസ്റ്റ് നടത്താൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും വാക്സിൻ വഴി തടയുന്ന രോഗങ്ങൾ കണ്ടുപിടിക്കുന്ന സെക്ഷനും, ലെപ്റ്റോസ്പൈറോസിസ് ഏത് വിഭാഗത്തിലുള്ള-താണെന്നു കണ്ടുപിടിക്കാൻ കഴിയുന്ന പരിശോധനകളും ഈ ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്.<br>ആരോഗ്യ വകുപ്പിന്റെ പബ്ലിക് ഹെൽത്ത് ലാബോറട്ടറികൾക്കുള്ള പ്ലാൻ ഫണ്ട് വഴി സ്റ്റേറ്റ് ഓഫ് ആർട്ട് ഉപകരണങ്ങളായ ബയോ കെമിസ്ട്രി ആട്ടോ അനലൈസർ, ഹെമറ്റോളജി അനലൈസർ, ഹോർമോൺ അനലൈസർ, ആട്ടോമാറ്റിക് ഗാമാകൗണ്ടർ തുടങ്ങിയവ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കും മറ്റ് പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കും ലഭ്യമാക്കാനുള്ള നടപടി കെ.എം.എസ്.സി.എൽ വഴി നടന്നു വരുന്നു. വയനാട്, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകൾ അനുവദിക്കുകയും അവയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പബ്ലിക് ഹെൽത്ത് ലാബ് ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയനാട് |

| | | | |
|---|---|---|---|
| | | | ജില്ലാ ലാബോറട്ടറി പ്രവർത്തന സജ്ജമായെങ്കിലും ഔദ്യോഗിക ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. പത്തനംതിട്ടയിലെ ലാബിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു. 2013 മുതൽ 2017 വരെ 44 ആശുപത്രികളിൽ നടപ്പിലാക്കിയ ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം പ്രസവം നടക്കാറുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും 2017 സെപ്റ്റംബറോടെ വ്യാപിപ്പിച്ചിട്ടുണ്ട്. |
| ഡി) | ജീവിത ശൈലി കൊണ്ടുണ്ടാകുന്ന അസുഖങ്ങൾ വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിൽ ഇവ നേരത്തെ തിരിച്ചറിഞ്ഞ് ചികിത്സ ലഭ്യമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | ഡി) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം പദ്ധതി. ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം, ജീവിതശൈലി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി, രോഗം കണ്ടെത്തിയവർക്ക് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യ മരുന്നു വിതരണവും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇതിനു പുറമേ പ്രമേഹം കൊണ്ട് ഉണ്ടാകുന്ന നേത്രരോഗമായ നേത്രപടല അന്ധത (ഡയബറ്റിക് റെറ്റിനോപ്പതി), ഡയബറ്റിക് ഫുട്ട്, ഗുരുതരമായ ശ്വാസകോശ രോഗമായ COPD തുടങ്ങിയ രോഗങ്ങളും മുൻകൂട്ടി കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് ദിവസവും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലി രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രതലം വരെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ട്. ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും, മുൻകരുതൽ നടപടികളും ഈ കേന്ദ്രങ്ങളിലൂടെ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ